(സി) കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ നേരിട്ട് നടത്തുന്ന എല്ലാ പ്രോജക്ടുകളുടെയും മേൽനോട്ടമാണ് അദ്ദേഹം വഹിക്കുന്നത്.

(ഡി) കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകൾ പ്രോജക്ട് മാനേജർ പാസാകണമെന്ന് നിബന്ധനയില്ല. കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷനിൽ നിയമിക്കപ്പെട്ടതായ എല്ലാ വിഭാഗം ജീവനക്കാരെയും (18 പേർ) സൂപ്പർവൈസ് ചെയ്യുന്നത് പ്രോജക്ട് മാനേജരാണ്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഏറ്റെടുക്കാൻ നടപടി

152 (6320) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുകിട വ്യവസായ സംരംഭകർക്ക് കൂടുതൽ സഹായകരമായ വിധത്തിൽ വായ്പാ സഹായങ്ങൾ അനുവദിക്കുന്നത് കൂടുതൽ ഉദാരമാക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഉടമസ്ഥത വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

ഭൂഗർഭജലം കുടിവെള്ളമായി വിൽക്കുന്ന സ്ഥാപനങ്ങൾ

153 (6321) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലം വ്യാവസായിക അടിസ്ഥാനത്തിൽ കുപ്പികളിലാക്കിയ കുടിവെള്ളമായി വിൽക്കുന്ന സ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ വൻതോതിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതുമൂലം ഉണ്ടാകാൻ സാധ്യതയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 50 സ്ഥാപനങ്ങൾ.

(സി) 3 യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly